"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്-ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്- ഡയറക്ടറുടെ നിയമനം 17-01-2022 മുതൽ 3 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (ഭരണംസി) വകുപ്പ്**

**സ.ഉ.(സാധാ) നം.310/2022/ധന. തീയതി,തിരുവനന്തപുരം, 14/01/2022**

---

പരാമർശം:- 1 സ.ഉ. (സാധാ) നം. 264/2019/ധന തീയതി 11/01/2019

**<u>ഉത്തരവ്</u>**

ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറായി പരാമർശം 1 ഉത്തരവ് പ്രകാരം നിലവിൽ സേവനമനുഷ്ഠിക്കുന്ന ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ മനു എസ് ന്റെ ഡയറക്ടർ തസ്തികയിലെ നിയമനം 17-01-2022 മുതൽ 3 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II) കേരള, തിരുവനന്തപുരം.
3. ശ്രീ. എസ്. മനു, ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ.
4. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
5. സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
6. ധനകാര്യ (ഭരണം-എ/അക്കൗണ്ട്സ് -എ /രഹസ്യം) വകുപ്പ്.
7. പൊതുഭരണ (എസ്.സി) വകുപ്പ്, 12.01.2022-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം.493
8. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.
9. നോഡൽ ഓഫീസർ, www.finance.kerala.gov.in
10. കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (E - 845446).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-01-2022

ഫയൽ നം. ഭരണം-സി1/51/2018-ധന. ഇനം നം: 493

വിഷയം : ധനകാര്യ വകുപ്പ് - ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഡയറക്ടറുടെ നിയമനം ദീർഘിപ്പിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഡയറക്ടർ സ്ഥാനത്ത് തുടരുന്ന ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. മനു.എസിന്റെ നിയമന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന ശ്രീ.എസ് മനുവിനെ മന്ത്രിസഭയുടെ അംഗീകാരത്തിനു വിധേയമായി 11.01.2019 ലെ സ.ഉ(ആർ ടി) നം. 264/2019/ധന ഉത്തരവ് പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ സ്ഥാനത്തേയ്ക്ക് നിയമിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ടി കാലയളവിൽ ടിയാന് ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിച്ചാലും സർക്കാരിൽ നിന്നും മറ്റൊരു ഉത്തരവുണ്ടാകുന്നതു വരെ തൽസ്ഥാനത്ത് തുടരാമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. അപ്രകാരം ശ്രീ. എസ്. മനു പ്രസ്തുത തസ്തികയിൽ 17.01.2019 ൽ ചാർജ്ജ് എടുക്കുകയും ജോയിന്റ് സെക്രട്ടറിയായി ഉദ്യോഗക്കയറ്റം ലഭിച്ചതിനെത്തുടർന്നും പ്രസ്തുത തസ്തികയിൽ തുടരുകയും ചെയ്തു വരികയാണ്. ടിയാളുടെ നിയമനകാലാവധിയായ 3 വർഷക്കാലം 16.01.2022 ൽ അവസാനിക്കുകയാണ്.

3) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ ഡയറക്ടർ തസ്തിക കേരള ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് 2008 ൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ മന്ത്രിസഭയുടെ അംഗീകാരത്തോടു കൂടി അനുയോജ്യരായ ഉദ്യോഗസ്ഥരെ ഡയറക്ടറായി തെരഞ്ഞെടുക്കുന്ന രീതിയാണ് നിലവിലുള്ളത്.

4) ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ തസ്തികയിലെ ശ്രീ എസ് മനുവിന്റെ നിയമനം 17.01.2022 മുതൽ 3 വർഷത്തേയ്ക്കു കൂടി ദീർഘിപ്പിക്കുന്ന വിഷയം മന്ത്രി സഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനായി ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറായി നിലവിൽ സേവനമനുഷ്ഠിക്കുന്ന ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ മനു എസ് ന്റെ ഡയറക്ടർ തസ്തികയിലെ നിയമനം 17-01-2022 മുതൽ 3 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണോ ?

10/1

11/1/22

11/1/22